


# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

(1/10/2018 - 31/03/2019 )

ജില്ല : കോഴിക്കോട്

ബ്ലോക്ക് : പന്തലായനി

ഗ്രാമപഞ്ചായത്ത് : അത്തോളി

വാർഡ് : 3

സ്ഥലം : കോതങ്കൽ

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്രം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബ്രിഹത്പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്കു 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പ് വരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സുരക്ഷിതമാവുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവിശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്നും അതിനു നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയിട്ടുള്ള നിയമമാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 നാണ് പാർലിമെന്റ് ഈ നിയമം പാസാക്കുന്നത്.

സോഷ്യൽ ഓഡിറ്റ് എന്നത് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണമേന്മ, സാമ്പത്തിക പ്രവർത്തനങ്ങള് എന്നിവ പരിശോധനാ വിധേയമാക്കുക എന്ന ലക്ഷ്യത്തൊടെ ആരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികള്ക്കുള്ള അവകാശങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുക, തൊഴിലാളികളുടെ അവകാശങ്ങളെ കുറിച്ചുള്ള ബോധവല് ക്കരണം തുടങ്ങിയവയും സോഷ്യല് ഓഡിറ്റിന്റെ ലക്ഷ്യങ്ങളാണ്. സംസ്ഥാങ്ങളിൽ കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ജില്ലയിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. പദ്ധതിയുടെ ഭാഗമായി നടന്നിട്ടുള്ള പ്രവൃത്തികളുടെ ഗുണമേന്മ, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയുടെ ഓഡിറ്റിനോടൊപ്പം തന്നെ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ഉള്ള അവകാശങ്ങളുടെ നിലവിലെ അവസ്ഥ എന്താണ്, തൊഴിലാളികൾക്കു കേന്ദ്ര -സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾ എങ്ങിനെ നേടിയെടുക്കാം എന്നുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സോഷ്യൽ ഓഡിറ്റിലൂടെ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ 2018 ഒക്ടോബർ ഒന്നുമുതൽ 2019 മാർച്ച് 31 വരെ നടപ്പിലാക്കിയ പ്രവൃത്തികൾ ആണ് പരിശോധിക്കുന്നത് . ഇതിനായി പരിശീ-ലനം ലഭിച്ച റിസോഴ്സ്പേർസൺമാർ ജില്ലയിലെപ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഓരോ പഞ്ചായത്തുകളിലെയും മുഴുവൻ വാർഡുകളിലെയും പ്രവർത്തനങ്ങൾ ഓഡിറ്റിന് വിധേയമാക്കും. വിവിധ ഘട്ടങ്ങൾ ആയാണ് സോഷ്യൽ ഓഡിറ്റ് ഓരോ വാർഡിലും നടത്തുന്നത്. ആദ്യഘട്ടം ഫയൽ പരിശോധന, രണ്ടാം ഘട്ടം പ്രവൃത്തിസ്ഥല പരിശോധന, മൂന്നാം ഘട്ടം തൊഴിലാളികളും പ്രദേശവാസികളുമായുള്ള അഭിമുഖം, നാലാം ഘട്ടം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ. പ്രവൃത്തി ഫയലുകളിൽ ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 22 രേഖകളും(ആവശ്യമായവ) സൂക്ഷിച്ചിട്ടുണ്ടോ എന്നും അവ കൃത്യമായിത്തന്നെ ആണോ സൂക്ഷിച്ചിരിക്കുന്നത് എന്നുമാണ് ആദ്യഘട്ട പരിശോധന. അതിനുശേഷം പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ച് നടത്തിയ പ്രവൃത്തിയിലെ അളവും ഗുണമേന്മയും വിലയിരുത്തുകയും നിയമപ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്യും. തുടർന്ന് തൊഴിലാളികളുടെ തൊഴിൽ കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും തൊഴിൽ ലഭിക്കുന്നതിനായി നല്കിയ അപേക്ഷയുടെ വിവരങ്ങൾ, ലഭിച്ച തൊഴിലുകളെ സംബന്ധിച്ച വിവരങ്ങൾ, കൂലി ലഭിച്ച സമയക്രമം എന്നിവ തൊഴിൽ കാർഡിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധന നടത്തും. ഗുണഭോക്താക്കളെ സന്ദർശിച്ച് എസ്റ്റിമേറ്റ് പ്രകാരം അവരവരുടെ കൃഷിയിടങ്ങളിൽ കൃത്യമായി പ്രവൃത്തി നടന്നിട്ടുണ്ടോ എന്നും ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണം

ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കും. സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭയിൽ ബന്ധപ്പെട്ട റിസോഴ്‌സ് പേർസൺമാർ തയ്യാറാക്കിയ കരട് റിപ്പോർട്ട് അവതരിപ്പിച്ചു ചർച്ച നടത്തും. ഗ്രാമസഭയിൽ ഓരോ വാർഡിലെയും മുഴുവൻ കുടുംബങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും പങ്കെടുപ്പിക്കുകയും വാർഡിലെ മുഴുവൻ ജനങ്ങളെയും തൊഴിലുറപ്പ് സംബന്ധിച്ച കാര്യങ്ങൾ അറിയേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യും. കംപ്‌ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ മാർഗ്ഗ നിർദേശങ്ങൾ അനുസരിച്ചുള്ള ആദ്യ സോഷ്യൽ ഓഡിറ്റ് ആണ് ഇപ്പോൾ ജില്ലയിൽ നടപ്പാക്കുന്നത്. കോഴിക്കോട് ജില്ലയിലെ ആദ്യ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ചേളന്നൂർ പഞ്ചായത്തിലെ വാർഡ് 15 ൽ ആണ് നടന്നത്.

**അത്തോളി പഞ്ചായത്ത്**

കേരളത്തിലെ പതിനാലു ജില്ലകളിൽ ഒന്നായ കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്ത് ആണ് അത്തോളി ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആണ് ഞങ്ങളുടെ ആദ്യത്തെ സോഷ്യൽ ഓഡിറ്റ് നടന്നത്. ആദ്യം ബാലുശ്ശേരി ബ്ലോക്കിൽ ഉൾപ്പെട്ട അത്തോളി പഞ്ചായത്ത് കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കു മുൻപ് ആണ് പന്തലായനി ബ്ലോക്കിൽ ഉൾപ്പെടുത്തിയത്. കോരപ്പുഴ യുടെ തീരത്തു സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ടൗൺ ആണ് അത്തോളി എന്ന സ്ഥലം. കുറ്റിയാടിയിലേക്ക് ഉള്ള സ്റ്റേറ്റ് ഹൈവേ റോഡ് കടന്നു പോവുന്നത് അത്തോളി പഞ്ചായത്തിന്റെ മുൻപിലൂടെ ആണ്. അത്തോളി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. രവീന്ദ്രൻ, വൈസ് പ്രസിഡണ്ട് ശ്രീമതി. വത്സല വേലായുധൻ, പഞ്ചായത്ത് സെക്രട്ടറി എൻ. പ്രദീപൻ & അസിസ്റ്റന്റ് സെക്രട്ടറി ജിഷിത്. കെ എന്നിവർ ആണ്. 2015 -ലെ ഐ.സി.ഡി.എസ് കണക്ക് പ്രകാരം അത്തോളി ഗ്രാമ പഞ്ചായത്തിൽ ആകെ ജനസംഖ്യ 31330 ആണ്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അത്തോളി |
| ജില്ല പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |

| | |
|---|---|
| ആകെ വാർഡ് | 17 |
| ഫോൺ നമ്പർ | 0496-2672235 |

**തൊഴിലുറപ്പു പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ**

1) അവിദഗ്ദ്ധ -കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധത ഉള്ള ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം ഗുണ മേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദന ക്ഷമമായിട്ടുള്ളതുമായ ആസ്തികൾ ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

2) സാമൂഹികാമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപെടുത്തുക.

3) പഞ്ചായത്തിരാജ് സ്ഥാപങ്ങളെ ശക്തിപ്പെടുത്തുക.

4) ദാരിദ്രവും സാമ്പത്തികമായ ബുദ്ധിമുട്ടുകാലും ഗ്രാമ പ്രദേശങ്ങളിൽ നിന്നും തുടച്ചു നീക്കി ദരിദ്രരെ ശക്തിപ്പെടുത്തുക.

**തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകൾ**

1) ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങൾ ആവാം.

2) സ്ത്രീകൾക്ക് മുൻഗണന

3) സ്ത്രീക്കും പുരുഷനും ഒരേ വേതനം

4) പരിസ്ഥിതി സംരക്ഷണത്തിനും കാർഷിക മേഖലയ്ക്കും സമൂഹത്തിനും വികസനം ഉറപ്പ് വരുത്തിയുള്ള പ്രവർത്തനം

5) പൊതുജന പങ്കാളിത്തത്തോടെ ഉള്ള തൊഴിൽ സംരംഭം

6) തൊഴിലാളികൾക്ക് തന്നെ തൊഴിൽ കണ്ടെത്തുകയും, ആസൂത്രണ പദ്ധതിയിൽ അംഗങ്ങൾ ആവാനും ഉള്ള അവസരം

7 ) ഗ്രാമ സഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു (സോഷ്യൽ ഓഡിറ്റ് സംവിധാനം )

**രീതി ശാസ്ത്രം**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കോഴിക്കോട് ജില്ല, പന്തലായനി ബ്ലോക്കിലെ അത്തോളി ഗ്രാമ പഞ്ചായത്ത് വാർഡ് 3ലെ സോഷ്യൽ ഓഡിറ്റ് നടത്തിയത്

• ആദ്യഘട്ടം :- പഞ്ചായത്ത് സെക്രട്ടറി പ്രസിഡന്റ്, എൻ. ആർ. ഇ. ജി. എ സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് ചേളന്നൂർ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ബിന്ദു. ബി. ആ ർ. പി വാർഡ് 3 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ച നടത്തി.

• രണ്ടാം ഘട്ടം :- 2018 ഒക്ടോബർ മാസം തിയ്യതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്തു നടത്തിയ പ്രവർത്തികളുടെ ഫയലുകൾ, 7 രെജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു.

• മൂന്നാം ഘട്ടം :- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിയും ചെയ്ത പ്രവർത്തികളുടെ അളവുകളും പരിശോധിച്ചു.

• നാലാം ഘട്ടം :- ഗുണഭോക്താക്കളോട് പ്രവർത്തികളുടെ ഗുണ ഫലങ്ങൾ ചോദിച്ചറിയുകയും സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചു അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

അഞ്ചാം ഘട്ടം :- ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി.

**സോഷ്യൽ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾ**

1) ആദ്യ ഘട്ടം : ഫയൽ പരിശോധന

2)രണ്ടാംഘട്ടം : പ്രവർത്തി സ്ഥല പരിശോധന

3)മൂന്നാംഘട്ടം: തൊഴിലാളികളും പ്രദേശവാസികളും തമ്മിലുള്ള അഭിമുഖം

4)നാലാംഘട്ടം: സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യറാക്കൽ

5)അഞ്ചാംഘട്ടം:സോഷ്യൽഓഡിറ്റ് ഗ്രാമസഭ

**തൊഴിലുറപ്പ് തൊഴിലാളികളുടെ 10 അവകാശങ്ങൾ**

1).തൊഴിൽ കാർഡിനായി അപേക്ഷിക്കുവാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനുള്ള അവകാശം.

2).തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കുവാനുള്ള അവകാശം.

3).15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4). ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5). താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ 10%

അധികമായി ലഭിക്കുവാനുള്ള അവകാശം

6).കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളുടെ ഒപ്പം അഞ്ചിലധികം കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാൻ ആയ തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾ ക്കുള്ള അവകാശം.

7). സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.

8). തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9).15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം.

10). പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചിലവ് വരുന്ന തുകയുടെ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

**തൊഴിലാളികളും ആയിട്ട് സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്**

സോഷ്യൽ ഓഡിറ്റ് റിസോർസ് പേഴ്സൺസ് തൊഴിലാളികളുമായി സംസാരിച്ചപ്പോൾ അറിയാൻ സാധിച്ചത് ;

•) തൊഴിൽകാർഡിനു അപേക്ഷിക്കുമ്പോഴും പുതുക്കുമ്പോഴും കാർഡിനു ആവശ്യമായ ഫോട്ടോയ്ക്കും ഫോട്ടോകോപ്പിയ്ക്കും സ്വന്തം കയ്യിൽ നിന്നു തന്നെയാണ് പൈസ ചിലവായത്.

•) തൊഴിലാളികൾ തൊഴിലിനു വേണ്ടി ആവശ്യപെട്ടിട്ട് 15 ദിവസത്തിനുള്ളിൽ അവർക്ക് തൊഴിൽ ലഭിക്കുന്നില്ല.ഇങ്ങനെ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ല എങ്കിൽ തൊഴിലില്ലാ വേതനത്തിനു അപേക്ഷിക്കാം എന്ന അവകാശത്തെ പറ്റി അവർ ബോധവാൻമാരല്ല.

•) അനുവദിച്ച തൊഴിൽ കഴിഞ്ഞു 15 ദിവസത്തിന് ശേഷവും കൂലി ലഭിക്കാതെ വരുന്നവരുണ്ട്.ചിലർക്കു മാസങ്ങൾ കഴിഞ്ഞിട്ടും കൂലി കിട്ടാറില്ല.കൂടാതെ ഇപ്പോഴുള്ളതിൽ നിന്നും കൂലി കൂട്ടണം എന്ന അഭിപ്രായവും ഉണ്ട്.നിലവിലെ വേതനത്തിൽ തൊഴിലാളികൾ ആരും തന്നെ സംതൃപ്തരല്ല.കൂടുതൽ പരാതികളും കൂലിയെ സംബന്ധിച്ചുള്ളതാണ്.

•) തൊഴിലിനുള്ള അപേക്ഷ ആരും തന്നെ വ്യക്തിഗതമായി നൽകാറില്ല എന്നും ഗ്രൂപ്പ് ആയിട്ടാണ് നൽകാറുള്ളത് എന്നും ഫയൽ പരിശോധനയിൽ അറിയാൻ കഴിഞ്ഞു.

•) തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിലൂടെ അറിയാൻ കഴിഞ്ഞത് തൊഴിൽ സ്ഥലങ്ങളിൽ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്.

കുടിവെള്ളത്തിനായുള്ള പത്രവും ഷെൽട്ടർ സൗകര്യവും പഞ്ചായത്തിൽ നിന്നും ലഭിക്കാറുണ്ട്.

സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം

•) പരാതികൾ രേഖപ്പെടുത്തുന്ന പരാതി രജിസ്റ്ററിൽ പരാതികൾ ലഭിച്ചതായി രേഖകളില്ല.നിർവഹണ ഉദ്യോഗസ്ഥരോടു നേരിട്ടോ ഫോൺ മുഖാന്തിരമോ തൊഴിലാളികൾക്ക് അവരുടെ പരാതികൾ ഉന്നയിക്കാവുന്നതാണ്.

തൊഴിലാളികളുമായി സംസാരിച്ച സമയത്ത് അവർ പറഞ്ഞത് അവരുടെ പ്രവർത്തി സമയം 9 മണി മുതൽ 4 മണി വരെ ആക്കി മാറ്റണം എന്നാണ്.

**പ്രവൃത്തി വിശദീകരണം**

വാർഡ് 3 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

1.വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ മണ്ണ് -ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം -2വാർഡ് -3

വർക്ക് കോഡ് : 292400

ആരംഭിച്ച തിയ്യതി : 04/09/2018

അവസാനിച്ച തിയ്യതി :10/12/2018

അടങ്കൽ തുക : 500000

ബില്ല് തുക : 490000

ആകെ തൊഴിൽ ദിനങ്ങൾ : 1491

അനുവദിച്ച തൊഴിൽ ദിനങ്ങൾ :2130

2. വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് -ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം -4വാർഡ് -3

വർക്ക് കോഡ് : WC29296

ആരംഭിച്ച ദിവസം :13/12/2018

അവസാനിച്ച ദിവസം :18/03/2019

അടങ്കൽ തുക 499000

ബിൽ തുക :377396

ആകെ തൊഴിൽ ദിനങ്ങൾ:1366

അനുവദിച്ച തൊഴിൽദിനങ്ങൾ:2376

3.വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 1 വാർഡ് 3

വർക്ക് കോഡ് :WC291996

ആരംഭിച്ച തിയ്യതി : 24/05/2018

അവസാനിച്ച തിയ്യതി: 24/10/2018

അടങ്കൽ തുക : 500000

ബില്ല് തുക : 495010

ആകെ തൊഴിൽ ദിനങ്ങൾ : 1793

അനുവദിച്ച തൊഴിൽ ദിനങ്ങൾ : 2269

4) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ വാർഡ് 3

വർക്ക് കോഡ് : WC292402, ഘട്ടം 3

പ്രവൃത്തി ആരംഭിച്ച തിയ്യതി : 04/10/2018

പ്രവൃത്തി അവസാനിച്ച തിയ്യതി :21/01/2019

അടങ്കൽ തുക : 500000

ബിൽ തുക :470774

ആകെ തൊഴിൽ ദിനങ്ങൾ : 1712

അനുവദിച്ച തൊഴിൽ ദിനങ്ങൾ : 1803

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ സ്ഥിതി | അടങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനം | | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേദനം |
|---|---|---|---|---|---|---|---|---|
| | | | | | അവിദക്ത | വിദക്ത | | |
| 1 | WC291996 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം 1 | പൂർത്തീകരിച്ചു | 500000 | 2269 | | 1793 | 485903 |
| 2 | WC292400 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം 2 | പൂർത്തീകരിച്ചു | 500000 | 2130 | | 1491 | 488861.80 |
| 3 | WC292402 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം 3 | പൂർത്തീകരിച്ചു | 500000 | 1803 | | 1712 | 463952 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | WC292968 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം 4 | പൂർത്തീ കരിച്ചു | 499000 | 2376 | | 1366 | 370186 |

**രജിസ്റ്റർ പരിശോധന**

കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

1.തൊഴിൽ കാർഡ് രജിസ്റ്റർ

2.ആസ്തി രജിസ്റ്റർ

3.മെറ്റിരിയൽ /സ്റ്റോക്ക് രജിസ്റ്റർ

4.പരാതി പരിഹാര രജിസ്റ്റർ

5.ഡിമാൻഡ് രജിസ്റ്റർ

6.വർക്ക് രജിസ്റ്റർ

7.ഗ്രാമസഭ രജിസ്റ്റർ.

2018-19 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ എം ഐ എസിൽ നിന്നും ശേഖരിച്ചു സൂക്ഷിച്ചിട്ടുണ്ട്.

1) ആസ്തി രജിസ്റ്റർ പരിശോധനയിൽ വിവരങ്ങൾ എല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

2) തൊഴിൽകാർഡ് രജിസ്റ്ററിൽ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, തൊഴിലാളികളുടെ വയസ്സ്, വിലാസം എന്നിവയൊന്നും എല്ലാ പേജിലും കണ്ടില്ല. ആകെ 197തൊഴിൽ കാർഡ് വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ട രജിസ്റ്ററിൽ 30പേജുകളിൽ രേഖകൾ പൂർണമായിരുന്നില്ല.

3) മെറ്റിരിയൽ രജിസ്റ്ററിലും ഫയലിലും എം ബുക്കിലും രേഖപെടുത്തിയിരിക്കുന്ന മെറ്റിരിയൽ സംബന്ധിച്ച അളവുകൾ കൃത്യമാണ്.

4) പരാതി പരിഹാര രജിസ്റ്റർ പരിശോധിച്ചപ്പോൾ മനസിലായത് അതിൽ മൂന്നാം വാർഡിൽ നിന്ന് 2018-19 സാമ്പത്തിക വർഷത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല എന്നാണ്.

5) വർക്ക് രജിസ്റ്ററിൽ പ്രവർത്തിയുടെ മുഴുവൻ വിവരങ്ങളും പട്ടിക പെടുത്തിയുട്ടുണ്ട്. എന്നാൽ ഇത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒന്നല്ല.

6) ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടത് തിയ്യതി, സ്ഥലം, എത്ര ദിവസത്തെ തൊഴിൽ, തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ എന്നിവയുണ്ട്. കൂടാതെ അഡിഷണൽ മാസ്റ്റർ റോളിനുള്ള അപേക്ഷയും ഉണ്ട്.

7) ഗ്രാമ സഭ രെജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടുള്ളത് ആണ്. 2015-16 മുതൽ 2018-19 വരെയുള്ള ഗ്രാമസഭ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിലെ 320 പേജുകൾ ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ്. ഗ്രാമസഭയുടെ വിശദമായ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പിന്റെ കാര്യങ്ങൾ ഒരു അജണ്ട എന്ന നിലയിൽ മാത്രമാണ് ഇതിൽ അവതരിപ്പച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ നിർദേശ പ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1. കവർപേജ്

2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ/ സെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി.

5. ഭരണാനുമതി യുടെ കോപ്പി.

6. സാങ്കേതിക അനുമതിയുടെ കോപ്പി

7. സംയോജിത പദ്ധതിയുടെ വിശദാംശങ്ങൾ.

8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.

9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി.

10. പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.

11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.

12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചത്തിന്റെയും കംപാര്ട്ടിവ് സ്റ്റേറ്റ്മെന്റിറ്റിയും മെറ്റീരിയൽ കോപ്പി.

13. വേജ് ലിസ്റ്റ്

14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണ അടച്ചതിന്റെയും FTO യുടെയും കോപ്പി.

15. മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെ യും കോപ്പി.

16.റോയലിറ്റി അടച്ചതിന്റെ രസീത് കോപ്പി.

17. തൊഴിലിന്റെ 3 ഘട്ടങ്ങളിലുള്ള ഫോട്ടോകൾ.

18. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി.

19.മാസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്.

20.ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി.

22. സൈറ്റ് ഡയറി.

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ഫയലുകളിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

(പ്രവർത്തികളുടെ വർക്ക് കോഡ് :WC291996 ഘട്ടം 1,  WC292400 ഘട്ടം 2, WC292402 ഘട്ടം 3, WC292968 ഘട്ടം 4)

1) കവർ പേജ് :- പരിശോധിച്ച പ്രവർത്തികളുടെ ഫയലുകളിൽ എല്ലാം തന്നെ പ്രാദേശികമായിട്ട് ഉള്ള കവർ പേജ് ആണുള്ളത്. എ. എം. സി പ്രകാരമുള്ള കവർ പേജ് ഒനുലുമില്ല.

2) ചെക്ക് ലിസ്റ്റ് :- ഒരു ഫയലിലും പൂർത്തീകരിച്ച ചെക്ക്ലിസ്റ്റ് കാണാൻ കഴിഞ്ഞില്ല.

3) ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക്സ് എന്നിവയുടെ അംഗീകരിച്ച കോപ്പി  :- പരിശോധിച്ച ഒരു ഫയലിലും ഇവ കാണാൻ സാധിച്ചിരുന്നില്ല.

4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതികാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

5)ഭരണാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

6) സാങ്കേതികാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

7) സംയോജിത പദ്ധതി വിശദംശങ്ങൾ  : -പരിശോധിച്ച ഫയലുകൾ ഒന്നും തന്നെ സംയോജിത പദ്ധതി ആയിരുന്നില്ല.

8)തൊഴിലാളികൾ തൊഴിൽ ആവിശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷ :- എഴുതി തയ്യാറാക്കിയ അപേക്ഷയാണ് പരിശോധിച്ച എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞത്. അപേക്ഷ ഫോമിൽ തൊഴിലാളികളുടെ പേരും ഒപ്പും ഉണ്ടെങ്കിലും ഏതു ദിവസം മുതൽ തൊഴിൽ ആവിശ്യമാണെന്ന് സൂചിപ്പിച്ചിട്ടില്ല.

9)തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി :- പരിശോദിച്ച ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല.

10)പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി :- പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി എല്ലാത്തിലും ഉണ്ട്. WC292968ലും WC292402 ലും വെട്ടിത്തിരുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

WC292400 വെട്ടിത്തിരുത്തലുകൾ ഉള്ള മസ്റ്റർ  റോള് :- 9328, 9329, 9330

WC291996 വെട്ടിത്തിരുത്തലുകൾ ഉള്ള മസ്റ്റർ  റോള് :- 4117, 2509

11)എം. ബുക്കിന്റെ കോപ്പി :- പരിശോധിച്ച എല്ലാം പ്രവർത്തി ഫയലിലും ഉണ്ട്.

(WC292400എം. ബുക്ക് നമ്പർ 222/18-19

WC 291996എം. ബുക്ക് നമ്പർ 13/18-19

WC 292402എം. ബുക്ക്നമ്പർ 143/18-19

WC292968എം. ബുക്ക്നമ്പർ177 /18-19

12)സാധനങ്ങൾ വാങ്ങുന്നതിനുള്ള കോട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റീരിയൽ ഓർഡറിന്റെയും കോപ്പി :- ഇത് ഒരു ഫയലിലും കാണാൻ സാധിച്ചിരുന്നില്ല.

13)വേജ് ലിസ്റ്റ് :- ഒരു ഫയലിലും വേജ് ലിസ്റ്റ് കാണാൻ സാധിച്ചില്ല.

14)വേതനത്തിന്റെയും സാധങ്ങൾക്ക് പണമടച്ചതിന്റെയ്യും എഫ്. ടി. ഒ യുടെയും കോപ്പി : പരിശോധിച്ച ഒരു ഫയലിലും എഫ്. ടി. ഒ കോപ്പി ഇല്ലായിരുന്നു.

15)മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി :- ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല.

16)റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി :- റോയലിറ്റി ആവിശ്യമായിട്ട് ഉള്ള പ്രവർത്തനം ആയിരുന്നില്ല.

17)തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ :- പരിശോധിച്ച ഒരു ഫയലിലും തന്നെ ഫോട്ടോസ് കാണാൻ കഴിഞ്ഞില്ല.

18) പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഇത് ഉണ്ടായിരുന്നു.

19) മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് :- പരിശോദിച്ച എല്ലാ ഫയലിലും കാണാൻ കഴിഞ്ഞു.

20) ആസ്തിയുടെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോകൾ :- പരിശോധിച്ച ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല.

21)സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി :- പരിശോധിച്ച ഫയലുകളിൽ ഒന്നും ഈ കോപ്പി കാണാൻ സാധിച്ചില്ല.

22) സൈറ്റ് ഡയറി :- പരിശോദിച്ച എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

**ഫീൽഡ് വിസിറ്റ് കണ്ടെത്തലുകൾ**

ഞങ്ങൾ പരിശോധിച്ച ഫയലിന്റെ ലൊക്കേഷൻ കൊത്തങ്കൽ ഭാഗത്താണ്.

പരിശോധനയുടെ ഭാഗമായി ഞങ്ങൾ ഭൂവുടമകളുടെ പുരയിടങ്ങളിലും അതിനോടനുബന്ധിച്ച സ്ഥലങ്ങൾ പരിശോധനക്കി വിധേയമാക്കുകയും അതിന്റെ നിലവാരം വില ഇരുത്തുകയും അളവെടുക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. ഈ വർക്ക് ഫയലിൽ ഉൾപെട്ടിരിക്കുന്ന പ്രവർത്തികൾ പ്രധാനമായും

A) മഴക്കുഴി

B)മണ്ണ് കയ്യാല

C) കല്ല് കയ്യാല

D)മൺ വരമ്പ്

പരിശോധനയിലൂടെ മനസിലാക്കാൻ കഴിഞ്ഞത്

* )  മഴക്കുഴികളിൽ വാഴയും തെങ്ങിൻ തൈകളും ആണ് നട്ടു വളർത്തിയിരിക്കുന്നത്.

* )  മഴക്കുഴികൾ വേസ്റ്റ് കുഴികൾ ആയി ഉപയോഗിച്ച അവസ്ഥയിലും ആയിരുന്നു.

* )അതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ഭൂവുടമകളിൽ ചിലർ മഴക്കുഴികൾ കണക്കു അനുസരിച്ചു അളവെടുത്തു തൊഴിൽ  ചെയ്യാൻ തൊഴിലാളികളെ അനുവദിക്കാറില്ല എന്നും പകരം അവരുടെ ആവിശ്യങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി തൊഴിൽ ചെയ്യാൻ തൊഴിലാളികളിൽ സമ്മർദ്ദം ചെലുത്താറുണ്ട് എന്നുമാണ്.

* )അതുപോലെ തന്നെ മൺ വരമ്പുകളിൽ പലതും കാട് പിടിച്ച നിലയിലും,  ചില ഇടങ്ങളിൽ അവ നശിച്ചു പോയതും, പ്രവർത്തി നടന്ന ചില ഇടങ്ങളിൽ വീണ്ടും മറ്റു പ്രവർത്തികൾ നടന്നതിനാലും കൃത്യമായ  അളവുകൾ തിട്ടപ്പെടുത്താൻ സാധിച്ചില്ല.

*) കഴിഞ്ഞ വർഷം പ്രവർത്തി ചെയ്ത സ്ഥലങ്ങളിൽ  ഈ വർഷവും അതെ പ്രവർത്തികൾ തന്നെ ആവർത്തിക്കുന്നതായി കണ്ടു.

*)കഴിഞ്ഞ വർഷത്തെ മഴയിൽ വയൽ പ്രദേശത്തെ വരമ്പുകൾ എല്ലാം പൂർണമായും നശിച്ച നിലയിൽ  ആയിരുന്നു.

*) വർക്ക്ഡ് സൈറ്റ് വൃത്തിഹീനമായ നിലയിൽ ആയിരുന്നു.

*) സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് :-wc292968, wc292402എന്നീ  ഫയലുകളുടെ   ഫീൽഡിൽ ഒഴികെ  ബാക്കി ഫീൽഡിൽ സൈറ്റ് ബോർഡ് കാണാൻ  സാധിച്ചു.

*) തൊഴിലാളികളും ആയി സംസാരിച്ചപ്പോൾ മനസിലായത് അവർക്ക് പലർക്കും തൊഴിലാളികളുടെ 10 അവകാശങ്ങളെ കുറിച്ചു വേണ്ടത്ര അറിവ് ഇല്ലായിരുന്നു എന്നും,  പല അവകാശങ്ങളും നിഷേധിക്കപെടുന്നു എന്നും ആണ്.

**അളവുകൾ**

1) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ മണ്ണ് -ജല സംരക്ഷണ പ്രവർത്തികൾ WC292968, ഘട്ടം -4, വാർഡ് -3

| SI NO: | പേര്,  വീട്ടപേര് | പ്രവൃത്തി | അളവുകൾ |
|---|---|---|---|
| 1 | തിരുമംഗലത്ത് | മണ്ണ് വരമ്പ് | നീളം -422m |

| | | | |
|---|---|---|---|
| | അപ്പുണ്ണി മേനോൻ | | |
| 2 | മേച്ചേരി കൃഷ്ണനുണ്ണി | മണ്ണ് വരമ്പ്<br>കല്ല് കയ്യാല<br>മഴക്കുഴി | നീളം - 32.5m<br>നീളം -13m, ഉയരം -1m<br>8 എണ്ണം |
| 3 | അമ്പലകുളങ്ങര സൗമിനി | മണ്ണ് വരമ്പ് | നീളം -49.2m |
| 4 | വാഴവളപ്പിൽ റീന | മണ്ണ് വരമ്പ് | നീളം -30m |
| 5 | തയ്യിൽ സത്യൻ | മണ്ണ് വരമ്പ്<br>മഴകുഴി | നീളം -168m |
| 6 | എറട്ടൊറോൽ ലേഖ | മണ്ണ് വരമ്പ്<br>മഴക്കുഴി | നീളം -171m<br>10 എണ്ണം |
| 7 | തയ്യിൽ മീത്തൽ<br>മാധവൻ നായർ | പണി വന്നിട്ടില്ല | |
| 8 | ഉടുമ്പത്ത് വീട്ടിൽ സുനിത | മണ്ണ് വരമ്പ്<br>മണ്ണ് കയ്യാല | നീളം -12.50m<br>നീളം -570m,  ഉയരം-1.20m |
| 9 | തെക്കയിൽ കുടി മീത്തൽ മനോജ് | മണ്ണ് കയ്യാല | നീളം -39.19m,  ഉയരം -1m |
| 10 | തെക്കയിൽ താഴെ വിലാസിനി | മണ്ണ് വരമ്പ്<br>മഴക്കുഴി | നീളം -105m<br>10 എണ്ണം |
| 11 | രാരോത്ത് മീത്തൽ<br>വിപിൻ മേനോൻ | മണ്ണ് വരമ്പ്<br>മഴക്കുഴി | നീളം -44m<br>2 എണ്ണം |
| 12 | കണ്ടോടത്ത് മീത്തൽ<br>മാധവി അപ്പുണ്ണി | മണ്ണ് വരമ്പ്<br>കല്ല് കയ്യാല | നീളം -115m<br>നീളം -10m,  ഉയരം-0.70m |
| 13 | പെരളികുഴിയിൽ കുമാരൻ | മണ്ണ് വരമ്പ് | നീളം -12m |
| 14 | കിഴക്കേമഠത്തിൽ<br>മീനാക്ഷി | പണി വന്നിട്ടില്ല | |
| 15 | പാലയ്ക്കൽ ഹസ്സൻകോയ | മണ്ണ് വരമ്പ് | നീളം -626m |

| | | | |
|---|---|---|---|
| 16 | ചെട്ടിയാൻ വീട്ടിൽ യശോദാമ്മ | മണ്ണ് വരമ്പ് | നീളം -735m |
| 17 | ചെട്ടിയാൻ വീട്ടിൽ അനിത | മണ്ണ് വരമ്പ് | നീളം -735m |
| 18 | ചെട്ടിയാൻ വീട്ടിൽ ബിന്ദു | മണ്ണ് വരമ്പ് | നീളം -735m |
| 19 | ചെട്ടിയാൻ വീട്ടിൽ ലീല | മണ്ണ് വരമ്പ് | നീളം -735m |
| 20 | ചെട്ടിയാൻ വീട്ടിൽ മോഹനൻ | മണ്ണ് വരമ്പ് | നീളം -735m |
| 21 | ചെട്ടിയാൻ വീട്ടിൽ ശോഭന | മണ്ണ് വരമ്പ് | നീളം -735m |
| 22 | കരിപാറമ്പത്ത് ചന്ദ്രമതി | മണ്ണ് വരമ്പ് | കാടു പിടിച്ചതിനാൽ അളക്കാൻ സാധിച്ചില്ല |
| 23 | ഈഴപ്ക്കുട്ടി മീത്തൽ ചന്ദ്രമതി | മണ്ണ് വരമ്പ് | നീളം -194m |
| 24 | കണ്ടോത്ത് മീത്തൽ ഗോപാലൻ | മണ്ണ് വരമ്പ് | നീളം -140.5m |
| 25 | കണ്ടോത്ത് മീത്തൽ ബാബു | മണ്ണ് വരമ്പ് | നീളം 156m |
| 26 | കണ്ടോത്ത് മീത്തൽ<br><br>മാധവൻ നായർ | പണി വന്നിട്ടില്ല | |
| 27 | മൂടാക്കുഴിയിൽ പുഷ്പ | മണ്ണ് വരമ്പ് | നീളം -56m |
| 28 | മീത്തലെ കുഴിയിൽ അബൂബകർ | മണ്ണ് വരമ്പ് | നീളം -110m |
| 29 | മൂടാക്കുഴിയിൽ വിലാസിനി | പണി വന്നിട്ടില്ല | |
| 30 | മീത്തലെ മൂടാക്കുഴിയിൽ ആമിന മൊയ്തീൻ | മണ്ണ് വരമ്പ് | നീളം -135m |

2) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 2,

WC 292400, വാർഡ് 3

| ക്രമ നമ്പർ | പേര് | പ്രവൃത്തി | നമ്പർ | നീളം | വീതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഉടുമ്പത്ത് ജാനകി | മഴക്കുഴി<br><br>വരമ്പു നിർമ്മാണം | 5 | ക)കിടക്കുന്നു.വാഴ നട്ടിരിക്കന്നു.<br><br>188cm | |
| 2 | വട്ടക്കണ്ടി മീനാക്ഷി | മഴക്കുഴി<br><br>വരമ്പു നിർമ്മാണം | 8 | വയൽ പ്രേദേശമായതിനാൽ മഴക്കുഴികളെല്ലാം നികന്നു പോയിരിക്കുന്നു.ഉള്ളതിൽ വാഴ, പ്ലാസ്റ്റിക് എന്നിവ കണ്ടു.<br><br>294.3 cm | |
| 3 | പുല്ലാട്ടു പറക്കൽ വേണുക്കുറുപ്പ് | മഴക്കുഴി, വരമ്പു നിർമ്മാണം | | വീടു വെക്കുന്നതിനാൽ അളക്കാൻ സാധിച്ചില്ല. | |
| 4 | കരയാട്ട് മീത്തൽ സുമതി | മഴക്കുഴി<br><br>വരമ്പു നിർമ്മാണം | | മഴക്കുഴി മഴ കാരണം നികന്നു<br><br>186 m | |
| 5 | മേച്ചേരി പാർവതി അമ്മ | മരിച്ച വീടായതിനാൽ അളക്കാൻ സാധിച്ചില്ല. | | | |
| 6 | പണിക്കർ വീട്ടിൽ സുമതിയമ്മ | കല്ലു കയ്യാല<br><br>മണ്ണു കയ്യാല വരമ്പു നിർമ്മാണം<br><br>മഴക്കുഴി | | 51.7 m<br><br>വരമ്പു മഴ കാരണം കാണാതായി.<br><br>മഴക്കുഴിയിൽ വാഴ വെച്ചു | 50cm, 55cm, 20cm |
| 7 | കുഴിക്കാട്ട് പറമ്പത്ത് രാജൻ kp | വരമ്പ്<br><br>കല്ലുകയ്യാല<br><br>മഴക്കുഴി | 6 | 688m വരമ്പു കാണാത്തതിനാൽ പൂർണ്ണമായും അളക്കാനായില്ല.<br>71.9m<br><br>മഴക്കുഴിയിൽ തെങ്ങു തൈ നട്ടിരിക്കുന്നു | വ്യത്യസ്ത അളവ് |

| | | | | | |
|---|---|---|---|---|---|
| 8 | വടക്കേ കൊതങ്ങപറമ്പത്ത്<br><br>സാവിത്രി | വരമ്പ്<br><br>മഴക്കുഴി | | 481m (കഴിഞ്ഞ വർഷം പണിയെടുത്ത സ്ഥലത്ത് ഈ വർഷവും പണി ചെയ്തു<br><br>മഴക്കുഴിയിൽ വാഴ വെച്ചു | |
| 9 | മാക്കൂട്ടത്തിൽ അശോകൻ | വരമ്പ്<br><br>മഴക്കുഴി | 10 | 350m (സ്ഥലം മഞ്ഞൾ നട്ടു കൃഷിയോഗ്യമാക്കിയിരിക്കുന്നു)<br><br>കാടു കൂടിയിട്ടുണ്ട് | |
| 10 | കോട്ടോൽ സബിത സുരേഷ് | മഴക്കുഴി<br><br>വരമ്പ് | 5 | കാടുപിടിച്ചു കിടക്കുന്നു<br><br>82 m | |
| 11 | കൊളങ്ങര വളപ്പിൽ കാർത്യായനി അമ്മ | മഴക്കുഴി<br><br>വരമ്പ് | 5 | മഴക്കുഴിയിൽ വേസ്റ്റ് ഇട്ട നിലയിൽ<br><br>488 m | |
| 12 | ഈഴപ്പാക്കുടി മീത്തൽ മൂത്തോറൻ | കാടുപിടിച്ചും മരങ്ങൾ വീണുകിടക്കുന്നതിനാലും അളക്കാൻ കഴിഞ്ഞില്ല. | | | |
| 13 | പെരളിക്കുഴിയിൽ കുമാരൻ | കല്ലു കയ്യാല<br><br>മണ്ണു കയ്യാല<br><br>മഴക്കുഴി<br><br>വരമ്പ് | 8 | 16.20 m<br><br>മഴക്കുഴി മഴ കാരണം നികന്നുപോയി.<br><br>162 m | മണ്ണിട്ടു മൂടിയതുകൊണ്ട് അളക്കാനായില്ല |
| 14 | പെരളിക്കുഴി മീത്തൽ ഹരീഷ് ബാബു | വൃത്തിഹീനമായ പറമ്പായതിനാൽ അളക്കാനായില്ല. | | | |

3)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 3,

wc392402

| ക്രമ നമ്പർ | വീട്ടു പേര് | പ്രവർത്തികൾ | അളവുകൾ |
|---|---|---|---|
| 1 | മയങ്ങി ചാലിൽ കൊത്തങ്കൽ ബാലക്കുറുപ്പ് & ശാരദ (90സെന്റ് ) | മണ്ണ് വരമ്പ് | 2019-2020 ലെ പുതിയ പ്രവർത്തി അവിടെ നടന്നത് കൊണ്ട് അളക്കാൻ സാധിച്ചില്ല |
| 2 | കൂടകണ്ടി മാധവൻ കിടാവ് ജാനു അമ്മ (40സെന്റ് ) | മഴക്കുഴി<br>മണ്ണ് വരമ്പ് | കാട് ആയതിനാൽ അളക്കാൻ സാധിച്ചില്ല |
| 3 | മയങ്ങി ചാലിൽ മീത്തൽ ശാന്(50സെന്റ് ) | മണ്ണ് വരമ്പ്<br>മഴക്കുഴി (5) | 20മീറ്റർ<br>വാഴ വെച്ചത് കൊണ്ടു അളക്കാൻ സാധിച്ചില്ല |
| 4 | പൊയിലിൽ ജമുന<br>(65സെന്റ് ) | മഴക്കുഴി (2)<br>മണ്ണ് വരമ്പ് | അളവ് എടുക്കാൻ സാധിച്ചില്ല<br>89 മീറ്റർ 90സെന്റിമീറ്റർ |
| 5 | മയങ്ങി ചാലിൽ കൃഷ്ണൻ മാധവി<br>(1ഏക്കർ 10 സെന്റ് ) | മഴക്കുഴി (5)<br>മണ്ണ് വരമ്പ് | അളക്കാൻ സാധിച്ചില്ല<br>120 മീറ്റർ |
| 6 | മയങ്ങി ചാലിൽ ഇന്ദിര പ്രകാശൻ | മണ്ണ് വരമ്പ് | 40 മീറ്റർ |
| 7 | പടിഞ്ഞാറെക്കണ്ടി പത്മാവതി (80സെന്റ് ) | മണ്ണ് വരമ്പ്<br>മഴക്കുഴി | 2019-2020 ലെ പുതിയ പ്രവർത്തി അവിടെ നടന്നത് കൊണ്ട് അളക്കാൻ സാധിച്ചില്ല |
| 8 | കൊരട്ടമേൽ വേലായുധൻ നാരായണി (15സെന്റ് ) | മണ്ണ് വരമ്പ്<br>മഴക്കുഴി(1) | 30 മീറ്റർ<br>അളവ് എടുക്കാൻ സാധിച്ചില്ല |
| 9 | മയങ്ങിചാലിൽ മീത്തൽ ഗംഗാധരൻ (87സെന്റ് ) | മഴക്കുഴി (15)<br>മണ്ണ് വരമ്പ് | വാഴ വെച്ചത് കൊണ്ട് അളക്കാൻ സാധിച്ചില്ല<br>കാട് ആയതിനാൽ അളക്കാൻ സാധിച്ചില്ല |
| 10 | വരയക്കണ്ടി | മണ്ണ് വരമ്പ് | 14 മീറ്റർ |

| | | | |
|---|---|---|---|
| | ഫൈസൽ &<br>അബ്ദുൽ നാസർ<br>(90സെന്റ് ) | | അളന്നു ,ബാക്കി കാട് |
| 11 | അമ്പല കുളങ്ങര കുട്ടി ചെക്കിണി | മണ്ണ് വരമ്പ് | 130 മീറ്റർ |
| 12 | മയങ്ങി ചാലിൽ ചെറിയ കണാരക്കുട്ടി<br>(1 ഏക്കർ 15 സെന്റ് ) | മഴക്കുഴി (11)<br><br>മണ്ണ് വരമ്പ് | വാഴ വെച്ചത് കൊണ്ട് അളക്കാൻ സാധിച്ചില്ല<br>കാട് ആയതിനാൽ അളക്കാൻ സാധിച്ചില്ല |
| 13 | പുതിയോട്ടിൽ അജിത<br>(1 ഏക്കർ ) | മണ്ണ് വരമ്പ് | 369 മീറ്റർ |
| 14 | മയങ്ങി ചാലിൽ നിഷ<br>(32 സെന്റ് ) | മണ്ണ് വരമ്പ് | 62 മീറ്റർ |
| 15 | സ്മിത നിവാസ് ഹൗസ് മാലതി ശങ്കരൻ<br>(2 ഏക്കർ) | മണ്ണ് വരമ്പ് | (260മീറ്റർ ) |

വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 1, wc291996

| Sl no: | പേര് | പ്രവർത്തി | അളവ് |
|---|---|---|---|
| 1 | കാരയാട്ടു ശങ്കരൻ നായർ | വരമ്പ് നിർമാണം<br>മഴക്കുഴി (7) | 405.04 മീ<br>മണ്ണ് നിറഞ്ഞ നിലയിൽ |
| 2 | കരിപ്പറമ്പത് | വരമ്പ് നിർമാണം | 122.50 മീ |

| | | | |
|---|---|---|---|
| | ഉണ്ണിമാധവിയമ്മ | മഴക്കുഴി (2) | |
| 3 | ദാമോദരൻ ഇയ്യപ്പക്കുടി മീത്തൽ | വരമ്പ് നിർമാണം<br>മഴക്കുഴി (8) | 154.20മീ<br>വാഴ, തെങ്ങു, നട്ടിരിക്കുന്നു. |
| 4 | കരിപ്പറമ്പത് ശ്രീമതി | വരമ്പ് നിർമാണം<br>മഴക്കുഴി (1) | 66 മീ |
| 5 | കൊത്തങ്കപ്പറമ്പത് ഹരിദാസൻ | വരമ്പ് നിർമാണം<br>മഴക്കുഴി (5) | 148 മീ<br>കാട് പിടിച്ചു കിടക്കുന്നു. തൈ നാട്ടനിലയിൽ |
| 6 | ശ്രീജ മേച്ചേരി | വരമ്പ് നിർമാണം<br>മഴക്കുഴി (13) | 194.85 മീ<br>മണ്ണ് വീണു നികന്നു പോയി |
| 7 | സുമതി വിദ്യാനിവാസ് | വരമ്പ് നിർമാണം<br>കല്ലുകയ്യാല | 65.80 മീ ബാക്കി കാടുമൂടിയ അവസ്ഥയിൽ.<br>3മീ നീളം, 40cm വീതി |
| 8 | കൊത്തങ്കപ്പറമ്പത് സരള | വരമ്പ് നിർമാണം<br>മഴക്കുഴി | 51 മീ ബാക്കി ഭാഗവും മഴക്കുഴിയും കാടാണ്. |
| 9 | വടുവക്കുടി മീത്തൽ ദാമോദരൻ നായർ | പണിയെടുത്തിട്ടില്ല | |
| 10 | രാഘവക്കുറിപ്പ് കരിമ്പാറമ്പത് | വരമ്പ് നിർമാണം | 61 മീ ബാക്കി ഭാഗം കാടാണ്. |
| 11 | തെക്കേക്കുടി ലീല | വരമ്പ് നിർമാണം<br>മഴക്കുഴി (2)<br>കല്ലുകയ്യാല | 127.55മീ<br>കാട് പിടിച്ചിരിക്കുന്നു<br>9.20നീളം,<br>20cm വീതി |
| 12 | തയ്യിൽ മീത്തൽ | വരമ്പ് നിർമാണം | മരിച്ച വീടായതിനാൽ |

| | | | |
|---|---|---|---|
| | കല്യാണി | മഴക്കുഴി | അളവെടുക്കാനായില്ല |

**നിർദേശങ്ങൾ**

• ഉദ്യോഗസ്ഥരോട്

# പ്രവർത്തി ഫൈലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഈ കാര്യത്തിലുള്ള മാർഗ നിർദേശം കൃത്യമായി പാലിക്കേണ്ടതാണ്

# ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക.

# മാസ്റ്റർറോൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തിയ്യതിയോട് കൂടിയ ഒപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.

# ലേബർ ബഡ്ജറ്റ്, വാർഷിക കർമപദ്ധതി, ഷെൽഫ് ഓഫ് പ്രൊജക്റ്റ് വർക്ക്, കലണ്ടർ തുടങ്ങിയവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെയും പ്രാദേശിക വിദക്തരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുക.

# കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

# തൊഴിലാളികൾ ആവിശ്യപ്പെടുന്ന സ്ഥലങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ നൽകുക.

# പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം, തണൽ, പ്രാഥമിക ചികിത്സ സൗകര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക.

# എസ്റ്റിമേറ്റിനു അനുസൃതമായി തൊഴിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിനോട്

# കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

# കൂടുതലായി മഴക്കുഴികളും മണ്ണുകയ്യാലകളുമാണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തി ഉണ്ടാക്കുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.

# കൃഷി സംബന്ധമായ പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ചു സംയോജിത പദ്ധതികൾ ഏറ്റെടുത്തു നടത്തുക.

# വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമിച്ചു നൽകുക.

# ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദക്ത/ അർദ്ധവിദഗ്ധ തൊഴിലാളികളാക്കി മാറ്റുക.

**തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്താവുന്ന പ്രവർത്തികൾ**

1. വിഭാഗം എ :- പ്രകൃതി വിഭവ പരിപാലന പ്രവർത്തികൾ.

A. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്താൻ ആവശ്യമുള്ളതും നീർത്തട പരിപാലനത്തിനും ജലസംരക്ഷണത്തിനും ജല കൊയ്ത്തിനും സഹായകമായ നിർമിതികൾ (ഉദാ :- മണ്ണുതടയണകൾ, ചെക്ക്ഡാം, ട്രെഞ്ചിങ് etc)

B. തോടുകൾ, കനലുകൾ, കുളങ്ങൾ എന്നിവയുടെ നിർമാണവും മെയിന്റനൻസ് പ്രവർത്തനങ്ങളും.

C. പരമ്പരാഗത ജലസ്രോതസ്സു കളുടെ ആഴം കൂട്ടൽ വനവൽക്കരണവും പൊതു ഭൂമിയിൽ(കനാൽ ബണ്ടുകൾ, കുളക്കര ) ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ. ( ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്. )j

D. പൊതുഭൂമിയിലെ ബുക്ക് വികസന പ്രവർത്തികൾ.

2.വിഭാഗം ബി : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ. (ഖണ്ഡിക 5 ൽ പ്രതിപാതിക്കുന്ന കുടുംബങ്ങൾക്ക് മാത്രം. )

A. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്കും ( SC, ST, നൊമാഡിക് ട്രൈബ്, ഡി നോട്ടിഫൈഡ് ട്രൈബ്,

ദരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ

കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ

നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ) 2008-ലെ കാർഷിക കടാശ്വാസ നിയമപ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർക്കും ഭൂമിയുടെ ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിനായി ഭൂവികസനവും,

കിണറുകൾ (Dugg well), കുളങ്ങൾ(Farm Ponds) തുടങ്ങിയ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കൽ.

B. പഴക്കൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി തുടങ്ങിയ ഉപജീവന മാർഗം മെച്ചപ്പെടുത്തൽ.

C. ഖണ്ഡിക 5 ൽ പ്രതിപാതിക്കുന്ന കുടുംബങ്ങൾക്ക് തരിശു ഭൂമി, പാഴ് ഭൂമി തുടങ്ങിയവ

മെച്ചപ്പെടുത്തി കൃഷിക്ക് അനുയോജ്യമാക്കൽ.

D. ഇന്ദിര ആവാസ് യോജന പോലുള്ള ഭവന നിർമാണ പദ്ധതികളിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം

E. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട് ആട്ടിൻകൂട്, പുൽത്തൊട്ടി തുടങ്ങിയവയുടെ നിർമാണം.

F. മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക.

3. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾ പൊതു അടിസ്ഥാന സൗകര്യങ്ങൾ.

A. കാര്ഷികോല്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തികൾ. (ഉദാ :-പോസ്റ്റ് ഹാർവെസ്റ് ഫെസ്റ്റ് )

B. സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവിശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമാണം.

4. വിഭാഗം ഡി :- ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

A. ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ(പൊതുകക്കൂസുകൾ, മാലിന്യ സംസ്കരണം etc)

B. ഒറ്റപ്പെട്ട ഗ്രാമീണ പ്രദേശങ്ങളിലേക്കുള്ള റോഡ് നിർമാണം.

C. കളിസ്ഥല നിർമാണം

D. വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തികൾ, വെള്ളക്കെട്ട് ozഹിവാക്കുന്നതിനുള്ള ജലനിർഗമന പ്രവർത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന പൊതു സ്ഥലങ്ങളെ മെച്ചപ്പെടുത്തൽ. ദുരന്ത നിവാരണം പ്രവർത്തികളുടെ മെച്ചപ്പെടുത്തൽ.

E. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റു ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ, അംഗൻവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക്കാവിശ്യമുള്ള കെട്ടിട നിർമാണവും ഗ്രാമ /ബ്ലോക്ക് തലങ്ങളിലെ ക്രിമിറ്റോറിയങ്ങളുടെ നിർമാണം.

F. ദേശീയ സുരക്ഷ നിയമ(2013)ത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ സംഭരണികളുടെ നിർമാണം.

G. NREGA പ്രകാരം ഏറ്റെടുക്കുന്ന നിർമാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സാമഗ്രികളുടെ ഉത്പാദനം.

H. NREGA പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു അസ്ഥികളുടെ അറ്റകുറ്റപണികൾ.

I.   ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ചു കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവർത്തിയും നടപ്പിലാക്കുക.

**6-11-2019 നു നടന്ന ഗ്രാമസഭയുടെ തീരുമാനങ്ങൾ**

അത്തോളി ഗ്രാമപഞ്ചായത്തിലെ വാർഡ് മൂന്നിലെ MGNREGA സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 6-11- 2019 നു കോതങ്കൽ കെ വി എൽ പി സ്കൂളിൽ വെച്ച് 3.30 നു നടന്നു. ഗ്രാമസഭയിൽ തൊഴിലുറപ്പ് തൊഴിലാളികൾ, മറ്റ് ഗ്രാമസഭ അംഗങ്ങൾ എന്നിവർ ഉൾപ്പെടെ 87 പേർ പങ്കെടുത്തു. പഞ്ചായത്തിലെ NREGA സെക്ഷനിൽ നിന്നും ശ്രീമതി സിജി പി കെ (അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ ) ആണ് പങ്കെടുത്തത്. വാർഡ് മെമ്പർ വത്സല വേലായുധൻ സ്വാഗതം പറഞ്ഞു. തൊഴിലാളികളിൽ നിന്നും കാർത്ത്യായനി എന്നവരെ അധ്യക്ഷയായി തെരഞ്ഞെടുത്തു. തുടർന്ന് വി ആർ പി അഞ്ജലി ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് വി ആർ പി ഉമിഷ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും തൊഴിലുറപ്പുപദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ചും തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും സംഗ്രഹിച്ചു കൊണ്ട് ആമുഖം പറഞ്ഞു.

തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ ഏതൊക്കെയാണെന്ന് വി ആർ പി ശ്രേയ വിശദീകരിച്ചു. തുടർന്ന് അവകാശങ്ങളെക്കുറിച്ച് തൊഴിലാളികളുമായി സംസാരിച്ചപ്പോൾ മനസ്സിലായ കാര്യങ്ങൾ വി ആർ പി അനുഷ അവതരിപ്പിച്ചു. അതിനുശേഷം വി ആർ പി സന്ധ്യ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് അധ്യക്ഷ കാർത്ത്യായനി ചർച്ചയ്ക്ക് വേണ്ടി എല്ലാവരെയും ക്ഷണിച്ചു.

**ചർച്ച:**

ശാന്ത: തൊഴിൽ കാർഡിന് അപേക്ഷിച്ചിട്ടും ഇതുവരെ ലഭ്യമായിട്ടില്ല.

കാർത്ത്യായനി: വേതനം കൃത്യമായി ലഭിക്കാത്തതിനാൽ പരാതിയുമായി പന്തലായനി ബ്ലോക്കിൽ ചെന്നപ്പോൾ കാത്തിരിക്കാനായിരുന്നു മറുപടി.

പഞ്ചായത്തിന്റെ പ്രതിനിധിയായി വന്ന സിജി പി കെ (അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ )ആണ് ഇതിന് മറുപടി നൽകിയത്. ശാന്തയുടെ തൊഴിൽകാർഡ് പഞ്ചായത്തിൽ ശരിയാക്കി വെച്ചിട്ടുണ്ട്. വേതനം വൈകുന്നത് ശ്രദ്ധിച്ചു പരിഹരിക്കാം.

ഗിരീഷ്: നഷ്ടപരിഹാരം കിട്ടാൻ എവിടെ പരാതി കൊടുക്കണം?

ഇതിനു മറുപടി പറഞ്ഞത് വി ആർ പി ഉമിഷ ആയിരുന്നു. പഞ്ചായത്തിലാണ് ആദ്യം പരാതി നൽകേണ്ടത് എന്നും അവർ നൽകുന്ന മറുപടിയിൽ സംതൃപ്തനല്ല എങ്കിൽ മാത്രം ബ്ലോക്ക് തലത്തിലേക്ക് പരാതിയുമായി പോവുക എന്നായിരുന്നു മറുപടി.

കല്യാണി(3/104) : തൊഴിലുറപ്പിൽ മണ്ണെടുക്കാൻ(തൊഴിലായി ) പറ്റുമോ എന്ന ചോദ്യത്തിന്

അന്വേഷിച്ചു പറയാം എന്നായിരുന്നു അധികൃതരുടെ മറുപടി. ഇതുവരെ തൊഴിലുറപ്പിൽ അത് പറ്റില്ല എന്നു പറഞ്ഞു.

തൊഴിൽ സ്ഥലത്ത് വന്നതിനുശേഷം ആർക്കെങ്കിലും അത്യാഹിതം സംഭവിച്ചാലോ ആരെങ്കിലും മരണപ്പെട്ടാലോ എന്താണ് ചെയ്യുക എന്ന ചോദ്യത്തിന് 12 മണിക്ക് മുന്നേ പോവുകയാണെങ്കിൽ അബ്സെന്റ് മാർക്ക് ചെയ്യണം എന്നതായിരുന്നു മറുപടി. ഇങ്ങനെ പോവാൻ അനുവദിക്കുന്നത് ദുരുപയോഗം ചെയ്യപ്പെട്ടതിനാലാണ് ഈ കാര്യത്തിൽ ഇത്ര കർശനമാക്കിയത് എന്നതായിരുന്നു പഞ്ചായത്ത് പ്രതിനിധി സിജി യുടെ മറുപടി.

സെബിയ :പശു വളർത്തൽ, ആടു വളർത്തൽ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താമോ?

ഇതിനെക്കുറിച്ച് കഴിഞ്ഞ ഗ്രാമസഭയിൽ അജണ്ട വെച്ചിട്ടുണ്ട് എന്നും അതിൽ പേര് വരുന്നവർക്ക് ചെയ്യാം എന്നുമായിരുന്നു പഞ്ചായത്ത് പ്രതിനിധി പറഞ്ഞത്.

ജമീല : തൊഴിലുറപ്പിന് ബസ്സിലാണ് വരുന്നത്. യാത്രാ കൂലി അനുവദിച്ചു കിട്ടുമോ?

പഞ്ചായത്ത് പ്രതിനിധി ഇതിനു മറുപടി പറഞ്ഞത് 5 കിലോ മീറ്ററിനുള്ളിൽ തന്നെയാണ് അവരുടെ വീടും ജോലി സ്ഥലവും ഉൾപ്പെടുന്നത് എന്നാണ്. ഒപ്പം അടുത്തുള്ള മേറ്റിന്റെ കീഴിൽ ജോലി ചെയ്യാൻ ശ്രദ്ധിക്കണം എന്നും കൂട്ടിച്ചേർത്തു. ബസ് ചാർജ് വേണ്ടവർ തൊഴിലിനു അപേക്ഷിക്കുമ്പോൾ അതും കൂടെ ചേർത്തുവേണം അപേക്ഷിക്കാൻ എന്ന് മറുപടി പറഞ്ഞു.

ഫസ്റ്റ് എയ്ഡ് ബോക്സ് ഇല്ലാത്തവർ എ ഡി എസ് ഫണ്ട് ഉപയോഗിച്ച് വാങ്ങണമെന്നും, ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഇല്ലെങ്കിലും സൈറ്റ് ഡയറിക്ക് പുറകിലായി മലയാളത്തിൽ ഏതൊക്കെ തൊഴിലാണ് ചെയ്യേണ്ടതെന്ന് എഴുതികൊടുക്കാറുണ്ട് എന്നും MGNREGA സെക്ഷൻ അക്കൗണ്ടന്റ് സിജി കൂട്ടിച്ചേർത്തു. ഒപ്പം പണിയെടുത്ത സ്ഥലങ്ങളിൽ മൂന്ന് വർഷം കഴിഞ്ഞിട്ടേ പണിയെടുക്കാവു എന്നും പണിയെടുക്കാത്ത സ്ഥലങ്ങളിൽ മുൻഗണന നൽകണം എന്നും പറഞ്ഞു.

തീരുമാനങ്ങൾ എല്ലാവരും കൈയടിച്ചു പാസാക്കി. തുടർന്ന് മൂന്നാം വാർഡിലെ മേറ്റായ ബേബി എന്നവർ നന്ദി പറഞ്ഞുകൊണ്ട് ഗ്രാമസഭ അവസാനിച്ചു.5.30 നു ഗ്രാമസഭ പിരിച്ചു വിട്ടു.

**കരട് റിപ്പോർട്ട് തയ്യാറാക്കിയത്** :

അനുഷ സി വി

സന്ധ്യ സി കെ

ശ്രേയ കെ കെ